**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2107 17.12.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## നെല്ലിയാമ്പതിയിലെ വനഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതിയിലെ വനഭൂമി വ്യാജ രേഖകൾ ഉണ്ടാക്കി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർ ആരൊക്കെയാണ്; ഏതെല്ലാം ബാങ്കുകളിൽ നിന്ന് എത്ര തുക വീതം വായ്പ എടുത്തിട്ടുണ്ട്; | (എ) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്രൈം നമ്പറുകളിൽ ; ഏതെല്ലാം തീയതികളിൽ; | (ബി) | ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് പാടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം താഴെ കൊടുക്കുന്നു. |

| എസ്റ്റേറ്റിന്റെ പേര് | ക്രൈം നം | തീയതി | ക്രൈം ബ്രാഞ്ച് കേസ് നമ്പർ |
|---|---|---|---|
| മീരാഫ്ളോറസ് എസ്റ്റേറ്റ് | 05/12 | 04/04/12 | 706/CR/12 |
| ചെറുനെല്ലി എസ്റ്റേറ്റ് | 06/12 | 04/04/12 | 707/CR/12 |
| കാരപ്പാറ എസ്റ്റേറ്റ് | 07/12 | 04/04/12 | 708/CR/12 |
| ബ്രൂക്ക് ലാന്റ് എസ്റ്റേറ്റ് | 08/12 | 04/04/12 | 709/CR/12 |
| സ്മിതാ മൗണ്ട് എസ്റ്റേറ്റ് | 09/12 | 04/04/12 | 710/CR/12 |
| ലക്ഷ്മി എസ്റ്റേറ്റ് | 10/12 | 04/04/12 | 711/Cr/12 |

| | | | |
|---|---|---|---|
| (സി) | ഈ കേസുകൾ ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് വനം വകുപ്പിൽ നിന്നും ആവശ്യം ഉയർന്നിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി ആണ് അന്വേഷണം നടത്തുന്നത്; അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ; എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്രയെന്നും ആരൊക്കെയെന്നും വെളിപ്പെടുത്തുമോ; | (ഡി) | ഉണ്ട്. പാലക്കാട് CBCID OCW – III പോലീസ് സൂപ്രണ്ട് ശ്രീ. കെ. വിജയന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തിയിരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണം പൂർത്തിയാകാത്തതിനാൽ മറ്റ് വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. ഈ കേസ് അന്വേഷണം CBI യ്ക്ക് കൈമാറി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതനുസരിച്ച് അന്വേഷണം CBI ഏറ്റെടുത്തുകൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ നിന്നും സർക്കാരിനെ പിന്തിരിപ്പിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഊർജ്ജിത അന്വേഷണം നടന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | വായ്പ എടുത്തവരുടെ പേരും വിലാസവും | എസ്റ്റേറ്റിന്റെ പേര് | വായ്പ അനുവദിച്ച ബാങ്ക് | വായ്പ തുക |
|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ ചോക്കോട്ട്<br>ഫിലോമിന ചോക്കോട്ട് | മീരഫ്ളോറസ് നെല്ലിയാമ്പതി | KSIDC എറണാകുളം | 9,98,44,000 |
| Export Oriented Garments Unit തുടങ്ങുന്നതിന് എറണാകുളത്തെ 10 ഏക്കറോളം സ്ഥലത്തിന്റെ രേഖകൾ പണയപ്പെടുത്തി വായ്പ എടുക്കുകയും വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച വന്നതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകാര്യമായവ വായ്പക്കാരുടെ കൈവശത്തിലുള്ള മീര ഫ്ളോറസ് എസ്റ്റേറ്റ് കൂടി ജപ്തി ചെയ്യാൻ ശ്രമിക്കുകയും എന്നാൽ ആയത് വനഭൂമിയാണെന്ന് ബോധ്യമായതിനെ തുടർന്ന് റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതും, One Time Settlement പ്രകാരം വായ്പ തുക തിരിച്ചടയ്ക്കാൻ അനുമതി നൽകിയിട്ടുള്ളതും ആകുന്നു. | | | | |
| 2 | 1. കെ.കെ. അബ്രഹാം.<br>2. തോമസ് ജോർജ്ജ്.<br>3. മറിയമ്മ<br>4. ജോസ്<br>5. ഷീല<br>6. സിസിലി | ചെറുനെല്ലി എസ്റ്റേറ്റ്, നെല്ലിയാമ്പതി | SBI – ADB Br Palakkad | 29,00,000 |
| 3 | 1. ഡോ.പി.വി. മജീദ്,<br>2. പി. അബ്ദുൾ ഖാദർ<br>3.പി. അബുബക്കർ<br>4. പി.മുഹമ്മദ് പറമ്പിൽ<br>5. പി.വി. മുഹമ്മദ് നസീർ<br>6. ജസീല മജീദ്<br>7. ഷംല മജീദ് | കാരപ്പാറ എസ്റ്റേറ്റ്, നെല്ലിയാമ്പതി | SBI – ADB Br Palakkad | 334 ലക്ഷം |
| 4 | ബാബു എബ്രഹാം | ബ്രൂക്ക് ലാന്റ് എസ്റ്റേറ്റ്, നെല്ലിയാമ്പതി | Cathelic Cyrian Bank, Nenmara | 85,44,349 |
| 5 | ജേക്കബ് സെബാസ്റ്റ്യൻ | സ്മിതമൗണ്ട് എസ്റ്റേറ്റ് നെല്ലിയാമ്പതി | South Indian Bank, Nenmara | 15,00,000 |
| 6 | 1. മലയിൽ നാരായണൻ<br>2. മലയിൽ ഹരിദാസ്<br>3. പി.കെ. ഇംമ്പിച്ചമ്മദ്<br>4. വി. രാധാ കൃഷ്ണൻ | ലക്ഷ്മി എസ്റ്റേറ്റ് നെല്ലിയാമ്പതി | SBT, Palakkad | 6,50,000 |

സെക്ഷൻ ഓഫീസർ